(ഇ) ഇതുസംബന്ധിച്ച് സെക്രട്ടേറിയറ്റിലുള്ള തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും തിരുവനന്തപുരം കോർപ്പറേഷൻ സെക്രട്ടറിക്ക് വിശദമായ റിപ്പോർട്ടിനായി എഴുതിയിട്ടുണ്ടോ; എങ്കിൽ എന്ന്; ഇക്കാര്യത്തിൽ കോർപ്പറേഷൻ സെക്രട്ടറിയുടെ മറുപടി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; മറുപടി ലഭിച്ചിട്ടില്ലെങ്കിൽ ആവശ്യമായ അടിയന്തിര നടപടി സ്വീകരിക്കുമോ;

(എഫ്) അനധികൃതമായി പൊതുവഴിയിലേക്ക് മതിൽ ഇറക്കി കെട്ടി അതുവഴിയുള്ള യാത്ര ദുഷ്കരമാക്കിയ മേൽപ്പറഞ്ഞ വസ്തുവിന്റെ മതിൽ പൊളിച്ചുമാറ്റി റോഡ് വീതി കൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പരാതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കെ.എം. ആക്ട് പ്രകാരമുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്.

(ബി) ട്രിഡ അംഗീകാരം നൽകി അയച്ച പ്ലാൻ പ്രകാരം തന്നെയാണ് കോർപ്പറേഷൻ അനുമതി നൽകിയിട്ടുള്ളത്.

(സി) മതിൽ കെട്ടുന്നതിന് അനുമതി നൽകിയത് നിയമപ്രകാരമാണ്. എന്നാൽ മതിൽ നിർമ്മിച്ചപ്പോൾ ഒരു പോയിന്റിൽ വഴിയുടെ വീതിയിൽ 20 സെ.മീ. കുറവുവന്നു.

(ഡി) കോർപ്പറേഷൻ ടി മതിൽ പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

(ഇ) റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. വിശദമായ റിപ്പോർട്ട് ഗവൺമെന്റിലേക്ക് അയച്ചിരുന്നു. പ്രസ്തുത മതിൽ പൊളിച്ചുമാറ്റുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(എഫ്) പ്രസ്തുത മതിൽ പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ചാവക്കാട് നഗരസഭ സ്ഥലം വാങ്ങിയ നടപടി

**122 (2920)**ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് നഗരസഭ മത്സ്യമാർക്കറ്റ്, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവ തുടങ്ങുന്നതിനുവേണ്ടി സ്ഥലം വാങ്ങിയതു സംബന്ധിച്ച് സർക്കാരിൽ എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) സ്ഥലം വാങ്ങുന്നതു സംബന്ധിച്ച് നിലവിലുള്ള ചട്ടങ്ങൾ പ്രകാരം കമ്മീഷൻ ലഭിച്ചിരുന്നോ എന്നും എത്ര കമ്മീഷൻ ലഭിച്ചു എന്നും വ്യക്തമാക്കുമോ;

(സി) മത്സ്യമാർക്കറ്റിനെടുത്ത സ്ഥലം തീരദേശ സംരക്ഷണ നിയമത്തിന്റെ പരിധിയിൽപ്പെട്ടതും മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിനെടുത്ത സ്ഥലം ഉപ്പുവെള്ള പ്രദേശമാണെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കമ്മീഷൻ പ്രകാരം അപേക്ഷ സമർപ്പിച്ചവരുടെ കൈവശമുള്ള ഭൂമി തന്നെയാണോ ഈ ആവശ്യങ്ങൾക്കായി നഗരസഭ വാങ്ങിയത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) നഗരസഭ ഭൂമി വാങ്ങിയതു സംബന്ധിച്ച് ലഭിച്ച പരാതിയിൽ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) കൗൺസിലർമാരുടെ ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ബി) മത്സ്യമാർക്കറ്റ്, മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് എന്നിവ തുടങ്ങുന്നതിനുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ടി ദിനപ്പത്രങ്ങൾ മുഖേനയും നോട്ടീസ്മൂലവും പരസ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ മത്സ്യമാർക്കറ്റ് നിർമ്മാണത്തിന് ഒരു ക്വട്ടേഷനും വ്യവസായ എസ്റ്റേറ്റിന് 3 ക്വട്ടേഷനും ലഭിച്ചു.

(സി) മത്സ്യമാർക്കറ്റിനുള്ള സ്ഥലം തീരദേശ സംരക്ഷണ നിയമപ്രകാരം നഗരസഭപ്രദേശത്ത് ബി.ആർ.ഇസഡ് 2-ൽ ഇളവു ചെയ്ത ഭാഗത്താണ് സ്ഥിതിചെയ്യുന്നതെന്നും വ്യവസായ എസ്റ്റേറ്റിനുള്ള സ്ഥലം ഉപ്പു വെള്ളം കയറുന്നതല്ല എന്നുമാണ് നഗരസഭാ സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(ഡി) ക്വട്ടേഷൻ പ്രകാരം മത്സ്യമാർക്കറ്റിനുവേണ്ടി മണത്തല വില്ലേജിലെ റീ സർവ്വേ 290/1 സർവ്വേ നമ്പറിലെയും, വ്യവസായ എസ്റ്റിമേറ്റിനുവേണ്ടി മണത്തല വില്ലേജിലെ റീ സർവ്വേ നമ്പർ 312/1, 312/2- എ എന്നീ സർവ്വേ നമ്പരുകളിലുംപെട്ട ഭൂമി നിയമാനുസൃത ക്രയവിക്രയാധികാരമുള്ളവരിൽനിന്നാണ് വാങ്ങിയിട്ടുള്ളത്.

(ഇ) ഈ പരാതിയെപ്പറ്റി അന്വേഷിച്ചുകൊണ്ടിരിക്കുന്നു.

## പാലക്കാട് നഗരസഭയിൽനിന്ന് വിടുതൽ നൽകിയ ജീവനക്കാർ

123 (2921)ശ്രീ. ജോസ് ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ ഭരണ ഡയറക്ടറുടെ ഉത്തരവു പ്രകാരം പാലക്കാട് നഗരസഭയിൽനിന്ന് ചാവക്കാട് നഗരസഭയിലേയ്ക്ക് വിടുതൽ നൽകിയ ഒരു ജീവനക്കാരൻ മുനിസിപ്പൽ ഭരണ ഡയറക്ടറുടെതന്നെ മറ്റൊരു ഉത്തരവിന്റെ വെളിച്ചത്തിൽ ചാവക്കാട് നഗരസഭയിൽ ജോയിൻ ചെയ്യാതെയും ചാവക്കാട് മുനിസിപ്പൽ സെക്രട്ടറിയുടെ വിടുതൽ ഉത്തരവില്ലാതെയും വീണ്ടും പാലക്കാട് നഗരസഭയിൽ ജോയിന്റ് ചെയ്ത വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മുനിസിപ്പൽ ഭരണ ഡയറക്ടറുടെ 20.5.1999-ലെ ബി 7-2580/99 നമ്പർ ഉത്തരവു പ്രകാരം പാലക്കാട് നഗരസഭയിലെ യു.ഡി. ക്ലാർക്കായ ശ്രീ. എം. ചന്ദ്രനെ ചാവക്കാട് നഗരസഭയിലേയ്ക്ക് സ്ഥലം മാറ്റുകയും ഭരണപരമായ സൗകര്യം കണക്കിലെടുത്ത് 15.6.1999-ലെ ബി7-2580/99(2) നമ്പർ ഉത്തരവ് പ്രകാരം ഈ ജീവനക്കാരനെ പാലക്കാട് നഗരസഭയിൽ തുടരാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ശ്രീ. ചന്ദ്രൻ പാലക്കാട് മുനിസിപ്പാലിറ്റിയിൽ കൗൺസിൽ ക്ലാർക്കായി ജോലിനോക്കി വരുന്ന ആളായതിനാൽ അദ്ദേഹത്തിന്റെ സേവനം

LIBRARY ARCHIVES Kerala Legislative Assembly